ജില്ലാ സപ്ലൈ ഓഫീസ് ഇനി ഇ ഓഫീസ്: പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കും

പാലക്കാട്: ജില്ലാ സപ്ലൈ ഓഫീസ് ഇനി ഇഓഫീസ്. സപ്ലൈ ഓഫീസിൽ നൽകുന്ന അപേക്ഷകൾ, പരാതികൾ എന്നിവ ഇനി മുതൽ ഓൺലൈനായി അപേക്ഷകന് പരിശോധിക്കുകയും നിലവിലെ അവസ്ഥ മനസിലാക്കുകയും ചെയ്യാം. സംസ്ഥാനത്തെ രണ്ടാമത്തെ ഇസപ്ലൈ ഓഫീസാണ് പാലക്കാട് ജില്ലാ സപ്ലൈ ഓഫീസ്. കോഴിക്കോട്, പത്തനംതിട്ട എന്നിവയാണ് ഇഓഫിസാക്കാൻ തിരഞ്ഞെടുക്കപ്പെട്ട മറ്റു ജില്ലകൾ.

സൗകര്യങ്ങൾ കൂടുന്നതിനനുസരിച്ച് മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് നവീകരിച്ച ജില്ലാ സപ്ലൈ ഓഫീസിൻറേയും ഇഓഫീസിൻറേയും ഉദ്ഘാടനം നിർവഹിച്ച ജില്ലാ കലക്ടർ ഡി.ബാലമുരളി പറഞ്ഞു.

സപ്ലൈ ഓഫീസുകളുടെ കീഴിൽ റേഷൻ സംവിധാനത്തിലും നിരവധി മാറ്റങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. ജില്ലയിലെ റേഷൻ കടകൾക്ക് ലോഗോ ഏർപ്പെടുത്തിയും ഒരേ നിറത്തിലുള്ള പെയിൻറടിച്ചും ഏകീകൃത മാതൃക നടപ്പിലാക്കുകയും ബയോമെട്രിക് സംവിധാനത്തിലൂടെ ഏതു റേഷൻ കടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്ന ജില്ലാ സപ്ലൈ ഓഫീസിൽ നടന്ന പരിപാടിയിൽ ജില്ലാ സപ്ലൈ ഓഫീസർ കെ.അജിത്കുമാർ, സപ്ലൈകോ റീജ്യനൽ മാനേജർ യു.മോളി, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷൻ വ്യാപാരി പ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ, എൽ.പി.ജി.കമ്പനി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

എന്താണ് ഇ-ഓഫീസ്

പാലക്കാട്: സർക്കാർ ഓഫീസുകൾ പേപ്പർരഹിതമാക്കുകയും കുറഞ്ഞസമയം കൊണ്ട് കൂടുതൽ വേഗതയിൽ ജോലികൾ തീർക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ഇ-ഓഫീസ്. നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിൻറെ ഭാഗമായി വികസിപ്പിച്ച സോഫ്റ്റ്വേർ മുഖേനയാണ് ഇഓഫീസ് പ്രവർത്തിക്കുന്നത്. ഇഓഫീസ് സൗകര്യമുള്ള ഓഫീസിലെ ഫയലുകൾ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ചെയ്യുകയും ഉദ്യോഗസ്ഥർക്ക് എവിടെയിരുന്നും ഫയലുകൾ നോക്കുകയും ചെയ്യാം. ഫയലുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക സ്ഥല സൗകര്യം ആവശ്യമായി വരികയോ ഫയലുകൾ നഷ്ടപ്പെടുകയോ ചെയ്യില്ല എന്നതും ഇഓഫീസിൻറെ നേട്ടമാണ്.

സി ഡിറ്റിൽ വിഷ്വൽ മീഡിയാ കോഴ്സുകൾ

പാലക്കാട്: സംസ്ഥാന സർക്കാർ സ്ഥാപനമായ സിഡിറ്റിൻറെ കവടിയാർ കേന്ദ്രത്തിൽ വിഷ്വൽ മീഡിയാ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. മൊബൈൽ ജേണലിസം, ഡിജിറ്റൽ മീഡിയാ പ്രൊഡക്ഷൻ, വെബ് ഡിസൈൻ ആൻഡ് ഡെവലപ്മെൻറ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വിഡിയോഗ്രഫി, നോൺ ലീനിയർ എഡിറ്റിങ്, ഡിജിറ്റൽ സ്റ്റിൽ ഫൊട്ടോഗ്രഫി എന്നിവയിലാണ് പരിശീലനം നൽകുന്നത്. മൊബൈൽ ജേണലിസം കോഴ്സിന് ഡിഗ്രിയും ജേണലിസത്തിൽ ഡിപ്ലോമയുമാണ് യോഗ്യത. മറ്റു കോഴ്സുകൾക്ക് പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷിക്കാനുള്ള അവസാനതിയതി ഫെബ്രുവരി 26. ഫോൺ0471 2721917, 8547720167.

ലോക്കൽ ലെവൽ കമ്മിറ്റി യോഗം 21 ന്

പാലക്കാട്: ദേശീയ ട്രസ്റ്റ് ആക്ടിൻറെ ആഭിമുഖ്യത്തിൽ നടക്കുന്ന യോഗത്തിൽ നടക്കുന്ന ലോക്കൽ ലെവൽ കമ്മിറ്റി യോഗം ഫെബ്രുവരി 21 ന് ജില്ലാ കലക്ടറുടെ ചേംബറിൽ ചേരും.

'ജയ് ഹോ' പദയാത്രയ്ക്ക് തുടക്കമായി

ക്വട്ടേഷൻ സംഘങ്ങൾക്ക് സി പി എം പാർട്ടി ഗ്രാമങ്ങളിൽ പരിശീലനം: കൊടിക്കുന്നിൽ

ഡി സി സി പ്രസിഡന്റ് വി കെ ശ്രീകണ്ഠൻ നയിക്കുന്ന ജില്ലാപദയാത്ര കൊഴിഞ്ഞാമ്പാറയിൽ കെ പി സി സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്യുന്നു

ചിറ്റൂർ: ക്വട്ടേഷൻ സംഘങ്ങൾക്ക് പരിശീലനം നൽകുന്ന വലിയൊരു ക്വട്ടേഷൻ സംഘം സിപിഎമ്മിൻറെ പാർട്ടി ഗ്രാമങ്ങളിലുണ്ട്. അവരെ വച്ചാണ് കൊലപാതകങ്ങൾ നടത്തുന്നത്. ഈ ക്വട്ടേഷൻ സംഘങ്ങളുടെ നേതാവ് മുഖ്യമന്ത്രി പിണറായി വിജയനാണെന്നും കെ പി സി സി വർക്കിംഗ് പ്രസിഡൻറ് കൊടിക്കുന്നിൽ സുരേഷ് എം പി പറഞ്ഞു. 'ജയ് ഹോ' ജില്ലാ പദയാത്രയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സി പി എമ്മിൻറെ അക്രമ രാഷ്ട്രീയം വെച്ചുപൊറുപ്പിക്കാനാവില്ല. അക്രമികളേയും ഗൂഢാലോചന നടത്തിയവരേയും നിയമത്തിന് മുന്നിൽ കൊണ്ടുവരും വരെ കോൺഗ്രസിന് വിശ്രമമില്ല. സി പി എം എന്നും അക്രമത്തിന് നേതൃത്വം നൽകിവരുകയാണ്. ഭരണത്തിൻറെ മറവിൽ രണ്ട് കുടുംബാംഗങ്ങളുടെ സ്വപ്നങ്ങളെയാണ് അവർ തകർത്തെറിഞ്ഞത്. ഇതിന് തിരഞ്ഞെടുപ്പിലൂടെ ജനം മറുപടി നൽകുമെന്നും കൊടിക്കുന്നിൽ സുരേഷ് എം പി വ്യക്തമാക്കി. സർക്കാരിൻറെ ആയിരം ദിനങ്ങൾ പൂർത്തിയാവുമ്പോഴാണ് സി പി എം ഇത്തരമൊരു പൈശാചിക ആക്രമണം നടത്തിയത്. പിണറായി അധികാരമേറ്റെടുത്തതിനു ശേഷം നിരവധി ചെറുപ്പക്കാരെയാണ് സി പി എം കാപാലികർ കൊലക്കത്തിക്ക് ഇരയാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡി സി സി പ്രസിഡന്റ് വി കെ ശ്രീകണ്ഠൻ നയിക്കുന്ന 25 ദിവസം നീണ്ടു നിൽക്കുന്ന 'ജയ് ഹോ' പദയാത്രയാണ് കൊഴിഞ്ഞാമ്പാറയിൽ നിന്നും ആരംഭിച്ചത്. കാസർഗോഡ് ജില്ലയിലെ പെരിയയിൽ സി പി എം കാപാലികരുടെ കൊലക്കത്തിക്ക് ഇരയായ കൃപേഷിൻറെയും ശരത്ലാലിൻറെയും ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചാണ് പദയാത്രയ്ക്ക് തുടക്കമായത്. കൊടിക്കുന്നിൽ സുരേഷ് എം പി, വി കെ ശ്രീകണ്ഠനും കോൺഗ്രസ് പതാക കൈമാറിയായിരുന്നു യാത്രയുടെ തുടക്കം. കാസർഗോട്ടെ രക്തസാക്ഷികളുടെ ഛായാചിത്രത്തിന് മുന്നിൽ പുഷ്പാർച്ചന നടത്തിയായിരുന്നു ജാഥ പ്രയാണം തുടങ്ങിയത്. നൂറുകണക്കിന് പ്രവർത്തകരുടെ അകമ്പടിയോടെയാണ് കൊഴിഞ്ഞാമ്പാറയിൽ നിന്നും പദയാത്ര പുറപ്പെട്ടത്. ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് കെ.രാജമാണിക്യം അധ്യക്ഷനായി. ഷാഫി പറമ്പിൽ എംഎൽഎ, മുൻ മന്ത്രി കബീർ, വി.എസ്.വിജയരാഘവൻ, പി.രതീഷ്, കെ.എസ്.തണികാചലം, സി.വി.ബാലചന്ദ്രൻ, കെ.അച്യുതൻ, പി വി രാജേഷ്, സി.ചന്ദ്രൻ, എ തങ്കപ്പൻ, കെ.മധു, കെ.സി.പ്രീത് തുടങ്ങിയവർ സംബന്ധിച്ചു.

പദയാത്ര ഇന്ന് രാവിലെ എട്ടിന് മരുതറോട്ട് പ്രയാണം ആരംഭിക്കും. പത്തിന് കൊടുമ്പ്, ഉച്ചയ്ക്ക് ശേഷം മൂന്നിന് എലപ്പുള്ളി എന്നിവിടങ്ങളിലെ സ്വീകരണത്തിനു ശേഷം വൈകീട്ട് അഞ്ചിന് കഞ്ചിക്കോട്ട് സമാപിക്കും.

പദയാത്രയ്ക്ക് മുന്നോടിയായി കാസർഗോഡിൽ സിപിഎം ഗുണ്ടകളുടെ കൊലക്കത്തിക്ക് ഇരയായ കൃപേഷിൻറെയും ശരത്ലാലിൻറെയും ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തുന്നു

ഡി സി സി പ്രസിഡന്റ് വി കെ ശ്രീകണ്ഠൻ നയിക്കുന്ന ജില്ലാ പദയാത്ര കൊഴിഞ്ഞാമ്പാറിയിൽ

പൂരപ്രേമികളുടെ മനം നിറച്ച് പരിയാനമ്പറ്റ പൂരം

മനോജ് ആറ്റാശ്ശേരി

ശ്രീകൃഷ്ണപുരം: വള്ളുവനാട്ടിലെ പൂരങ്ങളുടെ പൂരമായ പരിയാനമ്പറ്റയിൽ പോക്കുവെയിലിൽ തിളങ്ങുന്ന നെറ്റിപ്പട്ടവും വർണ്ണക്കുടയും ആലവട്ടവും വെഞ്ചാമരവും ചൂടി ഗജവീരൻമാരും വാദ്യപ്പെരുമഴ പെയ്യിച്ച് വാദ്യകുലപതികളും അണിനിരന്ന പകൽപ്പൂരത്തിന് കേരളത്തിലെ നാനാഭാഗങ്ങളിൽ നിന്നുള്ള പൂരപ്രേമികൾ മാത്രമല്ല നിരവധി വിദേശികളും എത്തിയിരുന്നു.

ഈശ്വരമംഗലം അയ്യംകുളങ്ങര ക്ഷേത്രം, വടുകനാംകുറിശി ദുർഗാക്ഷേത്രം, മുടവംകാവ് എന്നിവിടങ്ങളിൽ നിന്നെത്തിയ വടക്കൻ പൂരത്തിനു വേണ്ടി കോങ്ങാട് കുട്ടിശങ്കരൻ തിടമ്പേറ്റി. മംഗലാംകുന്ന് ശരൺ അയ്യപ്പൻ, കിരൺ നാരായണൻകുട്ടി, പട്ടാമ്പി മണികണ്ഠൻ, മംഗലാംകുന്ന് ഗജേന്ദ്രൻ എന്നീ ഗജവീരൻമാരും വടക്കൻ പൂരത്തിൽ അണിനിരന്നു. കുനിശ്ശേരി അനിയൻ മാരാർ, തിരുവില്വാമല രാജൻ എന്നിവരുടെ നേതൃത്വത്തിലായിരുന്ന പഞ്ചവാദ്യം.

കാട്ടുകുളം ശിവക്ഷേത്രം, താനായ്ക്കൽ ക്ഷേത്രം, എടമന വിഷ്ണുക്ഷേത്രം, പുഞ്ചപ്പാടം എന്നിവിടങ്ങളിൽനിന്നെത്തിയ കിഴക്കൻ പൂരത്തിന് ചെർപ്പുളശ്ശേരി രാജശേഖരൻ തിടമ്പേറ്റി. അന്നമനട ഉമാമഹേശ്വരൻ, ചെർപ്പുളശ്ശേരി അയ്യപ്പൻ, എഴുത്തശ്ശൻ ശങ്കരനാരായണൻ, ചെർപ്പുളശ്ശേരി മണികണ്ഠൻ എന്നീ കരിവീരൻമാരും കിഴക്കൻ പൂരത്തിൽ അണിനിരന്നു. ചേരാനല്ലൂർ ശങ്കരൻകുട്ടിമാരാരുടെ പ്രമാണത്തിലായിരുന്നു കിഴക്കൻ പൂരത്തിൻറെ മേളം.

അടയ്ക്കാപ്പുത്തൂർ ഹൈസ്കൂൾ മൈതാനം, കുളുക്കാട് ശിവക്ഷേത്രം, കല്ലുവഴി മേക്കാംകാവ്, എന്നിവിടങ്ങളിൽനിന്ന് പുറപ്പെട്ട വേലകൾ വള്ളൂർ മന ജങ്ഷനിൽ സംഗമിച്ച പടിഞ്ഞാറൻ പൂരത്തിന് പാമ്പാടി രാജൻ തിടമ്പേറ്റി. വൈലാശ്ശേരി അർജ്ജുനൻ, ഉഷശ്രീശങ്കരൻകുട്ടി, മച്ചാട് ഗോപാലൻ, പുതുകോവിൽ പാർത്ഥസാരഥി, തിരുവേഗപ്പുറ പത്മനാഭൻ, തോട്ടേക്കാട് വിനായകൻ എന്നീ ഗജവീരൻമാരും അണിനിരന്നു. പടിഞ്ഞാറൻ പൂരത്തിന് കല്ലൂർ ഉണ്ണിക്കൃഷ്ണമാരാരുടെ നേതൃത്വത്തിൽ പാണ്ടിമേളവും ഉണ്ടായി.

വടക്കൻപൂരം, കിഴക്കൻ പൂരം, പടിഞ്ഞാറൻ പൂരം എന്നിവ യഥാക്രമം ദേവിയെ തൊഴുതു വലംവെച്ചു കഴിഞ്ഞപ്പോൾ പകൽപ്പൂരം അവസാനിച്ചു. പകൽ പൂരത്തിന് ശേഷം വടക്കൻ പൂരകമ്മിറ്റിയുടെ വകയായി രാത്രി പൂരവും ഉണ്ടായി.

തുടർന്ന് രാത്രി 8.30 കോഴിക്കോട് കാദംബരി കലാക്ഷേത്രയുടെ 'യക്ഷനാരി' ബാലെ, 10.30ന് തായമ്പക, നാദസരം, എഴുന്നള്ളിപ്പ് എന്നിവയും ഉണ്ടായി. ഇന്ന് പാണ്ടിമേളത്തിൻറെ അകമ്പടിയോടെ ആറാട്ടോടുകൂടി ഈ വർഷത്തെ പൂരത്തിന് കൊടിയിറങ്ങും. അതോടൊപ്പം അരിയേറും പ്രസാദ കഞ്ഞി വിതരണവും ഉണ്ടാകും.

പരിയാനമ്പറ്റ ഭഗവതി ക്ഷേത്രത്തിലെ പൂരക്കാഴ്ച്ച

മുൻഗണനാ കാർഡ് ചികിത്സാ സഹായം

പാലക്കാട്: മുൻഗണനാ റേഷൻകാർഡുകൾ, ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ എന്നിവ ഇനി ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകേണ്ടതില്ല. റേഷൻകാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുകളിലാണ് സ്വീകരിക്കുകയെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. ഇത്തരം അപേക്ഷകൾ ജില്ലാ സപ്ലൈ ഓഫീസ്, ജില്ലാ കലക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ നൽകേണ്ടതില്ല. കൂടാതെ ചികിത്സാ സഹായത്തിനായി നൽകുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകണം. ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ കലക്ടർ എന്നിവർ വഴിയായിരുന്നു നേരത്തെ ഇത്തരം അപേക്ഷകൾ സ്വീകരിച്ചിരുന്നത്. എന്നാൽ നിലവിൽ ജില്ലാ മെഡിക്കൽ ഓഫീസർക്കാണ് പദ്ധതിയുടെ ചുമതല.

പ്രതിഷേധ പ്രകടനം നടത്തി

കണ്ണാടി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ പ്രകടനം

കണ്ണാടി: യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സി പി എം കാപാലികർ അതിനിഷ്ഠൂരമായി കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് കണ്ണാടി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി. കണ്ണനൂരിൽ നിന്നും പാത്തിക്കൽ വരെയാണ് പ്രകടനം നടത്തിയത്. മണ്ഡലം പ്രസിഡന്റ് എൻ വിനേഷ്, ആർ റിനിൽ, കെ കരുണാകരൻ, എൻ നിഖിൽ, കെ എസ് അനീഷ്, പി ബിനു, വി വിനൂപ്, വിജയൻ, ഗുരുസ്വാമി, എം ഹരിദാസ് എന്നിവർ നേതൃത്വം നൽകി.

വായ്പാ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം 26ന്

പാലക്കാട്: പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനുമായി ചേർന്ന് പട്ടികവർഗ്ഗ വനിതകൾക്കായി കുടുംബശ്രീ ജില്ലാ മിഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഫെബ്രുവരി 26ന്. സംഘാടക സമിതി രൂപീകരിച്ചു. 26ന് തത്തമംഗലം രാജീവ് ഗാന്ധി കൺവെൻഷൻ സെൻറിൽ നടക്കുന്ന ചടങ്ങിൽ വെച്ച് ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി പദ്ധതി ഉദ്ഘാടനം ചെയ്യും. പട്ടികവർഗ്ഗ വനിതകൾ അംഗങ്ങളായ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഉപജീവന മാർഗ്ഗങ്ങൾ ഒരുക്കുന്നതിന് മൂന്ന് ശതമാനം പലിശ നിരക്കിൽ മൂന്ന് ലക്ഷം വരെ വായ്പ ലഭ്യമാക്കുന്നതാണ് പദ്ധതി. ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ ചേർന്ന സംഘാടക സമിതി രൂപീകരണ യോഗത്തിൽ ചെയർമാനായി ചിറ്റൂർ തത്തമംഗലം മുൻസിപ്പൽ ചെയർമാൻ കെ.മധു, കൺവീനറായി എസ്.സി/എസ്.ടി കോർപ്പറേഷൻ ജില്ലാ മാനേജർ അനിൽ, വൈസ് ചെയർപേഴ്സണായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ധന്യ.എം.വി, ജോയിൻറ് കൺവീനറായി കുടുംബശ്രീ എ.ഡി.എം.സി പ്രേംദാസ് എസ്.വി എന്നിവരെയും തീരുമാനിച്ചു.

മുഖ്യമന്ത്രിയുടെ വസതിയിലേക്ക് നടത്തുന്ന മാർച്ച് വിജയിപ്പിക്കും

മുതലമട: പ്ലാച്ചിമട നഷ്ടപരിഹാര ബിൽ നിയമസഭയിൽ പാസ്സാക്കണമെന്നും കൊക്കക്കോള കമ്പനിക്ക് വീണ്ടും പ്രവർത്തനാനുമതി നൽകരുതെന്നും ആവശ്യപ്പെട്ട് ഈ മാസം 26ന് മുഖ്യമന്ത്രിയുടെ വസതിയിലേക്ക് നടത്തുന്ന മാർച്ച് വിജയിപ്പിക്കാൻ മുത്തങ്ങ ദിനത്തിൻറെ ഭാഗമായി പ്ലാച്ചിമടയിൽ സംഘടിപ്പിച്ച കോളവിരുദ്ധ സമരസമിതി, ഐക്യദാർഢ്യ സമിതി പൊതുയോഗം തീരുമാനിച്ചു. പുതിയ രൂപത്തിൽ വീണ്ടും പ്ലാച്ചിമടയിലേക്ക് കടന്നു വരാൻ നോക്കുന്ന കൊക്കക്കോള കമ്പനിക്ക് അനുമതി നൽകിയാൽ സമരം ശക്തിപ്പെടുത്താനും, ഇരകൾക്ക് മുഴുവൻ നഷ്ടപരിഹാരവും നൽകാതെ കമ്പനിയെ പ്രവർത്തിപ്പിക്കാൻ സമ്മതിക്കില്ല. അഡ്വ.പി.എ.പൗരൻ പൊതുയോഗം ഉദ്ഘാടനം ചെയ്തു. വിളയോടി വേണുഗോപാൽ അധ്യക്ഷനായി

ആറുമുഖൻ പത്തിച്ചിറ, എം സുലൈമാൻ, കെ. വി.ബിജു,അഡ്വ. ശിവസ്വാമി,പ്രഭു ആനമല,ശാന്തി വിജയ നഗരം. വി.പി.നിജാമുദിൻ, വിജയൻ അമ്പലക്കാട്, ശ്രീധരൻ കല്ലൂർ, ധനരാജ് എന്നിവർ സംസാരിച്ചു

പ്ലാച്ചിമടയിൽ സംഘടിപ്പിച്ച മുത്തങ്ങദിനാഘോഷം അഡ്വ പി എ പൗരൻ ഉദ്ഘാടനം ചെയ്യുന്നു

ഹിയറിങ് നീട്ടിവെച്ചു

പാലക്കാട്: പാലക്കാട് പൊലീസ് കംപ്ലെയിൻറ് അതോറിറ്റി ഫെബ്രുവരി 28 ന് നടത്താനിരുന്ന ഹിയറിങ് നീട്ടിവെച്ചതായി ജില്ലാ പൊലീസ് കംപ്ലെയിൻറ് അതോറിറ്റി സെക്രട്ടറി അറിയിച്ചു.

മണപ്പുളിക്കാവ് വേല: 28ന് ഡ്രൈ ഡേ

പാലക്കാട്: മണപ്പുളിക്കാവ് വേലയോടനുബന്ധിച്ച് ഫെബ്രുവരി 28ന് പാലക്കാട് നഗരസഭയിൽ മദ്യം വാങ്ങുന്നതും വിൽക്കുന്നതും നിരോധിച്ചതായി ജില്ലാ കലക്ടർ ഡി.ബാലമുരളി അറിയിച്ചു. ഇതിൻറെ ഭാഗമായി നഗരസഭാ പരിധിയിലെ മദ്യഷോപ്പുകൾ, ബാറുകൾ, കള്ള് ഷാപ്പുകൾ എന്നിവ അടച്ചിടും.

കുത്തനൂർ തപോവനം ഇംഗ്ലീഷ് മീഡിയം സ്കൂൾ വാർഷികാഘോഷ ദിനത്തിൻറെ ഉദ്ഘാടനം പ്രൊഫ. വി സി വിജയൻ നിർവഹിക്കുന്നു

CHANGE OF NAME

I, Jeeja Parameswaran Nair(PPNO U321269), D/O Parameswaran Nair, Lakshmi, Priyadarshini nagar, Ayyanthole P.O:-680003, Thrissur Dt, Have Changed My Name As **JEEJA NAIR. K P.**

CHANGE OF NAME

I Mammi, s/o Alavi, Residing at Madambathodi House, Edapplam:po,Naduvattam-via,Vilayur,Palakkad, Kerala - 679308. Holder of Passport No -T0394358, Issued On 30-11-2018 at Cochin. Have Changed my Name as **Mammi Madambathodi.**

നമ്പർ: C1/KL-52-L-81/2019/PP
സബ് ആർ.ടി.ഒ. ഓഫീസ്, പട്ടാമ്പി, തീയ്യതി: 16/02/2019

പരസ്യം

KL-52-L-81 എന്ന മോട്ടോർ സൈക്കിളിൻറെ ഉടമസ്ഥനായ ശ്രീ. അബ്ദുൾ സലീം, കൊടങ്ങഴി വളപ്പിൽ വീട്, ആനക്കര: po, പട്ടാമ്പി ,പാലക്കാട് ജില്ല-679551. എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ആഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിൻറെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം പട്ടാമ്പി സബ് റീജിണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(ഒപ്പ്) ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പട്ടാമ്പി